കേരള വാട്ടർ അതോറിറ്റിയുടെ കുര്യാത്തി ഡിവിഷനിലെ അറ്റകുറ്റപ്പണികൾ

99 [556] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കുര്യാത്തി ഡിവിഷനിലെ അറ്റകുറ്റപ്പണികൾ, വെള്ളായണി കായൽ എന്ന ഒറിജിനൽ വർക്കിൽ പമ്പ് ഹൗസ് അറ്റകുറ്റപ്പണി, ബണ്ട്, കട്ടേഷൻ (ജെ.സി.ബി.) എന്നീ വർക്കുകൾ ഏത് വർഷമാണ് ടെണ്ടർ ചെയ്തത്; ഈ വർക്ക് ആർക്കാണ് നൽകിയിരുന്നത് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ വർക്കിന്റെ പേമെന്റ് നൽകിയോ ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഈ വർക്കിന്റെ എം. ബുക്ക് കാണാനില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ വർക്കിന്റെ പേമെന്റ് എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998-ൽ ശ്രീ. കെ. സുരേന്ദ്രൻ, ടി. സി-16/892, ചെറുതോട്ടത്തിൽ വീട്, ജഗതി, തൈക്കാട് പി. ഒ. എന്ന കോൺട്രാക്ടർക്കാണ് നൽകിയിട്ടുള്ളത്.

(ബി) നോൺ സ്റ്റാൻഡേർഡ് ഇനങ്ങളൊഴിച്ചുള്ള വർക്കിന്റെ പേമെന്റ് നൽകിയിട്ടുണ്ട്. നോൺ സ്റ്റാൻഡേർഡ് ഇനങ്ങൾ സൂക്ഷ്മ പരിശോധന നടത്തിയശേഷം പേമെന്റ് നൽകുന്നതാണ്.

(സി) ഇല്ല.

(ഡി) ഈ വർക്കിന്റെ നോൺ സ്റ്റാൻഡേർഡ് ഇനങ്ങൾ സൂക്ഷ്മ പരിശോധനയിലാണ്. സൂക്ഷ്മ പരിശോധന നടത്തിയശേഷം പേമെന്റ് നൽകുന്നതാണ്.

റാംസർ ഇന്റർ നാഷണൽ കൺവെൻഷന്റെ പരിധിയിൽ വരുന്ന തണ്ണീർത്തടങ്ങൾ

100 [557] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. സുധാകരൻ:
,, കെ. മോഹൻകുമാർ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാംസർ ഇന്റർ നാഷണൽ കൺവെൻഷൻ പരിധിയിൽ വരുന്ന എത്ര തണ്ണീർത്തടങ്ങൾ സംസ്ഥാനത്തുണ്ട്; ഇവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) അവയേയും അവയുടെ പരിസ്ഥിതിയേയും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൂന്ന്. അവ ശാസ്താംകോട്ട, അഷ്ടമുടി, വേമ്പനാട് കോൾ എന്നിവയാണ്.

(ബി) ശാസ്താംകോട്ട തടാകം സംരക്ഷിക്കുന്നതിന് 160 ലക്ഷം രൂപ അടങ്കൽ വരുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വേമ്പനാട് കായലിൽ ഉപ്പ് വെള്ളം കയറി ജലസ്രോതസ്സ് നശിക്കാതിരിക്കാനായി തണ്ണീർമുക്കം, തോട്ടപ്പിള്ളി ഷട്ടറുകൾ പണി തീർത്ത് പ്രവർത്തിപ്പിച്ചുവരുന്നു. ശാസ്താംകോട്ടയിലും, അഷ്ടമുടിയിലും കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ സഹായത്തോടെ വിവിധ വകുപ്പുകൾ സംയോജിതമായി കർമ്മപരിപാടി നടപ്പിലാക്കിവരുന്നുണ്ട്. നടപ്പ് ധനകാര്യവർഷത്തിൽ ശാസ്താംകോട്ടയ്ക്ക് 24.73 ലക്ഷം രൂപയും, അഷ്ടമുടിയ്ക്ക് 31.12 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

അഭയറാബ് എന്ന വാക്സിൻ വാങ്ങിയതിലെ ക്രമക്കേട്

101 [558] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ:
,, പിരപ്പൻകോട് മുരളി:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പേവിഷബാധയ്ക്കെതിരെ കുത്തിവയ്ക്കുന്ന മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പേവിഷബാധയ്ക്കെതിരെ കുത്തിവയ്ക്കുന്ന അഭയറാബ് എന്ന വാക്സിൻ വാങ്ങിയതിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചതെന്നാണ്;

(ഇ) പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) സർക്കാരിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുത്തിവച്ചവരിൽ നിന്നും പ്രസ്തുത തുക ഈടാക്കണമെന്ന റിപ്പോർട്ടിലെ ശുപാർശ നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly